## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 35 — 27.09.2016- ൽ മറുപടിക്ക്

### കേന്ദ്രസർക്കാർ നയം സഹകരണ മേഖലയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ.ഡി.പ്രസേനൻ<br>ശ്രീ. പി.വി.അൻവർ | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) ആഗോളവത്കരണ നയത്തിനനുസൃതമായി സഹകരണ ബാങ്കുകളെ മാറ്റിയെടുക്കുക എന്ന കേന്ദ്ര സർക്കാർ നയം സഹകരണ മേഖലയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; | (എ) കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായി സഹകരണ ബാങ്കിംഗ് മേഖലയിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയുടെ നിലവിലുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന് വിലയിരുത്തി യിട്ടുണ്ട്. |
| ബി) ധനനിക്ഷേപാനുപാതം ബാധകമാക്കിയതും കരുതൽ ധനാനുപാതം വർദ്ധിപ്പിച്ചതും അതു അംഗീകൃത ഓഹരികളിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശവും സഹകരണ സ്ഥാപനങ്ങളെ സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നതിനു പകരം ലാഭാധിഷ്ഠിത പ്രവർത്തനം നടത്താൻ നിർബന്ധിതമാക്കാനിടയുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് എന്ത് മാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) സഹകരണ ബാങ്കുകളുടെ ധന നിക്ഷേപാനുപാതവും (ക്യാഷ് റിസർവ് റേഷ്യോ), കരുതൽ ധനാനുപാതവും (സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ) വാണിജ്യ ബാങ്കുകൾക്ക് സമാനമായി നിശ്ചയിച്ചുകൊണ്ടും, സഹകരണ ബാങ്കുകൾ അവയുടെ എസ്.എൽ.ആർ നിക്ഷേപം മുഴുവൻ ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപി ക്കേണ്ടതാണെന്നും റിസർവ് ബാങ്ക് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നിയമ പരമായി സൂക്ഷിക്കേണ്ട സി.ആർ.ആർ, എസ്.എൽ.ആർ നിരക്കുകളിലെ വർദ്ധന ബാങ്കുകളുടെ വായ്പ നൽകാനുള്ള പണത്തിന്റെ ലഭ്യതയിൽ കുറവ് വരുന്നതിനിടയാക്കുകയും ബാങ്കുകളുടെ ലാഭ ക്ഷമതയെ ബാധിക്കുകയും ചെയ്യുന്നു. സഹകരണ ബാങ്കുകൾ അവയുടെ എസ്.എൽ.ആർ നിക്ഷേപം മുഴുവൻ ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപി ക്കേണ്ടതാണെന്ന നിർദ്ദേശം ധനസഹായ ബാങ്കുകളിലെ നിക്ഷേപത്തെയും |

ബാധിക്കുന്നു. ബാങ്കിംഗ് നിയമ ഭേദഗതികളുടെ തുടർച്ചയായും കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായും സഹകരണ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള ദോഷകരമായ നടപടികളെ പ്രതിരോധിക്കുന്നതിനും സഹകരണ സ്ഥാപനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന പ്രത്യേക പരിഗണന തുടർന്നും സഹകരണ മേഖലയ്ക്ക് ലഭിക്കുന്നതിനുമായി നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോട് പ്രത്യേക നിവേദനത്തിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) ആദായ നികുതി വകുപ്പ് നടത്തുന്ന അനാവശ്യ പരിശോധന സഹകരണ സംഘങ്ങളുടെ വിശ്വാസ്യത തകർക്കാനിടയാക്കുമെന്നത് കണക്കിലെടുത്ത് അത് ഒഴിവാക്കാൻ കേന്ദ്ര സർക്കാരിനെ സമീപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) ആദായനികുതി നിയമപ്രകാരം ആദായ നികുതി നൽകുന്നതിൽ സഹകരണ സംഘങ്ങൾക്ക്/ ബാങ്കുകൾക്കുണ്ടായിരുന്ന ഇളവ് അനുവാദം പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനത്തിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾക്ക് റ്റി.ഡി.എസ് (Tax Deducted at Source) ബാധകമാക്കിയതും, ആദായ നികുതി നിയമത്തിലെ വകുപ്പ് 133 (6) പ്രകാരം സഹകരണ സംഘങ്ങളിലെ/ ബാങ്കുകളിലെ നിക്ഷേപങ്ങളുടെ വിവരം ആദായ നികുതി വകുപ്പ് ആവശ്യപ്പെടുന്നതും, ആദായനികുതി വകുപ്പ് ചില സഹകരണ സംഘങ്ങളിൽ പരിശോധന നടത്തിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. |
| (ഡി) ത്രിതല വായ്പാ സംവിധാനത്തിൽ നിന്ന് ദ്വിതല വായ്പാ സംവിധാനത്തിലേക്ക് മാറ്റുന്നതിനെക്കുറിച്ചുള്ള പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ: എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ ? | (ഡി) പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**